# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4603   21-03-2018 – ൽ മറുപടിയ്ക്ക്**

**ലീഗൽ മെട്രോളജി വകുപ്പിന്റെ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ<br>" കെ. രാജൻ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം വിശദമാക്കുമോ; | (എ) വ്യാപാര വാണിജ്യ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന അളവ് തൂക്ക ഉപകരണങ്ങൾ യഥാസമയം മുദ്ര ചെയ്യുക, മുദ്ര ചെയ്യാതെ അളവ് തൂക്ക ഉപകരണങ്ങൾ ഉപയോഗിക്കുന്ന വ്യാപാരികൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുക എന്നതാണ് ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രധാന കർത്തവ്യം. ഉപഭോക്താക്കൾക്ക് കൃത്യമായ അളവിലും തൂക്കത്തിലും സാധനങ്ങൾ ലഭിക്കുന്നുണ്ടെന്നും പായ്ക്കറ്റുകളിൽ വിൽക്കുന്ന സാധനങ്ങളിൽ പരമാവധി വിലയേക്കാൾ കൂടുതൽ ഈടാക്കുന്നില്ല എന്നും ഉള്ളടക്കം ചെയ്ത ഉല്പന്നത്തെക്കുറിച്ചുള്ള വിവരങ്ങളും ഉല്പന്നത്തെക്കുറിച്ച് പരാതിപ്പെടാനുള്ള മേൽവിലാസവും മറ്റ് വിവരങ്ങളും പായ്ക്കറ്റിന് പുറത്ത് രേഖപ്പെടുത്തുന്നു എന്നും ഉറപ്പ് വരുത്തുന്നതിനായി ലീഗൽ മെട്രോളജി വകുപ്പ് പരിശോധനകൾ നടത്തുന്നു. സ്വർണ്ണാഭരണങ്ങളുടെ പ്യൂരിറ്റി പരിശോധിക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പ് എറണാകുളം കാക്കനാട് ലീഗൽ മെട്രോളജി ഭവനിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഒരു ഗ്രാമിന് 5/- രൂപ നിരക്കിൽ പൊതുജനങ്ങൾക്ക് ഈ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്. പെട്രോൾ/ഡീസൽ എന്നിവയും കൃത്യമായ അളവിൽ ഉപഭോക്താക്കൾക്ക് ലഭിക്കുന്നുണ്ടെന്ന് വകുപ്പ് ഉറപ്പ് വരുത്തുന്നു. ആശുപത്രികളിലും ക്ലിനിക്കുകളിലും ഉപയോഗിക്കുന്ന അളവ് തൂക്ക ഉപകരണങ്ങൾ പരിശോധിക്കുന്നതിനും വകുപ്പിന് അധികാരമുണ്ട്. |
| (ബി) ലീഗൽ മെട്രോളജി വകുപ്പിന്റെ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | ലീഗൽ മെട്രോളജി വകുപ്പിനുവേണ്ടി മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | ഉണ്ട്. "സുതാര്യം" എന്ന പേരിൽ പരാതി പരിഹാരത്തിനായി ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചിട്ടുണ്ട്. ഇതിലൂടെ പൊതുജനങ്ങൾക്ക്, ലീഗൽ മെട്രോളജി നിയമം ലംഘിക്കുന്ന വ്യാപാരസ്ഥാപനങ്ങൾക്കെതിരെ പരാതി നൽകുവാൻ സാധിക്കും. ഉപഭോക്താക്കളുടെ അവകാശങ്ങളെക്കുറിച്ചും വകുപ്പിലെ ഫീസ് നിരക്കുകളെക്കുറിച്ചും അറിയുവാനും ഉപഭോക്താക്കൾക്ക് വകുപ്പിലെ ആഫീസർമാരോട് നേരിട്ട് സംവദിക്കുന്നതിനും ഈ മൊബൈൽ ആപ്ലിക്കേഷനിലൂടെ സാധിക്കുന്നതാണ്. |
| (ഡി) | ഈ വകുപ്പിൽ ഐ.റ്റി സെൽ രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഐ.റ്റി സെൽ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | ഐ.റ്റി സെൽ രൂപീകരിച്ചിട്ടുണ്ട്. |
| (ഇ) | ലീഗൽ മെട്രോളജി വകുപ്പ് സേവനങ്ങൾ ജന സൗഹൃദമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | (ഇ) | വകുപ്പിന്റെ സേവനങ്ങൾ ജന സൗഹൃദമാക്കുന്നതിന്റെ ഭാഗമായി പ്രവർത്തനങ്ങൾ പൂർണ്ണമായും ഓൺലൈൻ ആക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരികയാണ്. വകുപ്പിൽ നിന്നും നൽകി വരുന്ന പായ്ക്കർ/ഇംപോർട്ടർ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ, അളവ് തൂക്ക ഉപകരണങ്ങളുടെ നിർമ്മാണ, വിതരണ, റിപ്പയർ ലൈസൻസുകൾ എന്നിവ പൂർണ്ണമായും ഓൺലൈനിലൂടെ നൽകുന്ന ലീഗൽ മെട്രോളജി ഓപ്പറേഷൻസ് മാനേജ്മെന്റ് സിസ്റ്റം (LMOMS) എന്ന പോർട്ടൽ സോഫ്റ്റ് വെയർ വികസിപ്പിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ പരാതികൾക്ക് സത്വര പരിഹാരം കാണുന്നതിന് മൊബൈൽ ആപ്ലിക്കേഷൻ, ടോൾഫ്രീ നമ്പരോടുകൂടിയ കാൾ സെന്റർ, വകുപ്പിന്റെ പ്രവർത്തനങ്ങൾ പൊതുജനങ്ങൾക്ക് അടിയന്തിരമായി ലഭ്യമാക്കുന്നതിന് മൊബൈൽ ലാബുകൾ എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പരാതികൾക്ക് സത്വര പരിഹാരം കാണുന്നതിനായി ജിപിഎസ് സംവിധാനം ഘടിപ്പിച്ച വാഹനങ്ങൾ കാൾസെന്ററുമായി ബന്ധപ്പെടുത്തിയുള്ള പരാതി പരിഹാര സംവിധാനവും ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ